# മലങ്കര ശ്ലൈഹികസിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

സർക്കുലർ നമ്പർ : 45

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരും ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

കർത്താവിൽ വാത്സല്യമുള്ളവരേ,

127-ാമത് മാരാമൺ കൺവൻഷൻ 2022 ഫെബ്രുവരി മാസം 13-ാം തീയതി ഞായറാഴ്ച മുതൽ 20-ാം തീയതി ഞായറാഴ്ച വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നു. 13-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് കൂടുന്ന യോഗത്തിൽ കൺവൻഷന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. ഈ വർഷത്തെ കൺവൻഷനിൽ ബിഷപ്പ് ദിലോരാജ് ആർ. കനഗസാബെ (ശ്രീലങ്ക), റവ.അസിർ എബനേസർ (എൻ.സി.സി.ഐ, ജനറൽ സെക്രട്ടറി), റവ.ഡോ.ജോൺ സാമുവേൽ പൊന്നുസാമി (ചെന്നൈ) എന്നിവർ മുഖ്യ പ്രസംഗകരായിരിക്കും. നമ്മുടെ സഭയിലെ അഭിവന്ദ്യ തിരുമേനിമാരും ഇതര സഭകളിലെ മേൽപ്പട്ടക്കാരും വിവിധ യോഗങ്ങളിൽ പ്രസംഗിക്കും.

കോവിഡ്-19 മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നിർദ്ദേശപ്രകാരം നിലവിലുള്ള കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് പ്രത്യേക അനുവാദപ്രകാരമാണ് കൺവൻഷൻ സംഘടിപ്പിക്കുന്നത്. ഓരോ യോഗത്തിലും പങ്കെടുക്കുവാൻ കഴിയുന്ന ആളുകളുടെ എണ്ണം ഫെബ്രുവരി മാസത്തിൽ മൂന്നാം ആഴ്ച നിലവിലിരിക്കുന്ന കോവിഡ് നിയമാവലി അനുസരിച്ചായിരിക്കും. മാസ്ക് ധരിക്കാതെ ആരും തന്നെ പന്തലിൽ പ്രവേശിക്കരുത്. കോവിഡ് പ്രോട്ടോകോൾ പാലിക്കുവാൻ ഏവരും താല്പര്യപ്പെടുകയും വേണം.

തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 7.30ന് ബൈബിൾ ക്ലാസ്സുകൾ പന്തലിൽ നടക്കും. സ്ത്രീകൾക്കും പുരുഷന്മാർക്കും സംയുക്തമായാണ് ഈ വർഷവും ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്. കുട്ടികൾക്കുള്ള യോഗം സി.എസ്.എസ്.എമ്മിന്റെ നേതൃത്വത്തിൽ രാവിലെ 7.30 മുതൽ 8.30 വരെ ഓൺലൈനായി നടത്തുന്നതാണ്. എല്ലാ ദിവസവും രാവിലത്തെ പൊതുയോഗം 9.30 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 12 മണിക്ക് പര്യവസാനിക്കും. സായാഹ്നയോഗങ്ങൾ വൈകിട്ട് 5 ന് ഗാനശുശ്രൂഷയോടുകൂടി ആരംഭിച്ച് 6.30 ന് സമാപിക്കും. ഉച്ചകഴിഞ്ഞ് 2 മണിക്കുള്ള യോഗം ഉണ്ടായിരിക്കുന്നതല്ല. ഈ യോഗങ്ങളിലെല്ലാം സ്ത്രീപുരുഷഭേദമെന്യേ എല്ലാവർക്കും പങ്കെടുക്കാവുന്നതാണ്. യുവവേദി യോഗങ്ങൾ വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ വൈകിട്ട് 3 മുതൽ 4.30 വരെ പന്തലിൽവച്ച് നടത്തുന്നതാണ്. പൂർണ്ണസമയം സുവിശേഷവേലയ്ക്കു സമർപ്പിക്കുന്ന 12 വയസിന് മുകളിലുള്ളവരുടെ പ്രതിഷ്ഠാശുശ്രൂഷ ഫെബ്രുവരി 19 ശനിയാഴ്ച രാവിലെ 7.30ന് കോഴഞ്ചേരി സെന്റ് തോമസ് മാർത്തോമ്മാ പള്ളിയിൽ നടക്കും.

മാരാമൺ കൺവൻഷനിലെ അച്ചടക്കം അഭംഗുരം നിലനിർത്തുവാൻ ഏവരും ശ്രദ്ധിക്കണം. പന്തലും പരിസരവും വിശുദ്ധമാണെന്ന ചിന്ത ഏവരേയും ഭരിക്കണം. സ്വയശിക്ഷണം പാലിക്കുന്നതിൽ വിശ്വാസസമൂഹം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കൺവൻഷൻ പരിസ്ഥിതിസൗഹൃദമായും ഹരിത നിയമാവലി അനുസരിച്ചും നടത്തുന്നതിൽ എല്ലാവരുടേയും സഹകരണം ഉണ്ടാകണം. മണൽപ്പരപ്പും നദിയിലെ ജലവും മലിനമാകാതെ സൂക്ഷിക്കുവാൻ എല്ലാവരും ശ്രദ്ധിക്കണം.

ഫെബ്രുവരി 13 ന് നടക്കുന്ന ഉദ്ഘാടന യോഗത്തിലും വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിലെ രാവിലത്തെ യോഗങ്ങളിലും ആണ് സ്തോത്രകാഴ്ച സ്വീകരിക്കുന്നത്. മറ്റുയോഗങ്ങളിൽ സംബന്ധിക്കുന്നവർക്ക് പന്തലിൽ ക്രമീകരിച്ചിരിക്കുന്ന പെട്ടികളിലും സ്തോത്രകാഴ്ച സമർപ്പിക്കാവുന്നതാണ്. യോഗത്തിൽ സംബന്ധിച്ച് സ്തോത്രകാഴ്ച അർപ്പിക്കുവാൻ സാധിക്കാത്തവർക്ക് പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തിലൂടെ ആ സമയംതന്നെ ഓൺലൈനായി സ്തോത്രകാഴ്ച അർപ്പിക്കുന്നതിനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. സ്തോത്രകാഴ്ച സുവിശേഷപ്രസംഗസം



*മറുപുറം*


ഘം ഓഫീസിലേക്ക് (ജനറൽ സെക്രട്ടറി, മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം, തിരുവല്ല-689101 എന്ന വിലാസത്തിൽ) നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. കേരളത്തിന് പുറത്തുള്ള ചില ഇടവകകൾ കൺവൻഷൻ ആഴ്ചയിലുള്ള ആരാധനാവേളകളിൽ പ്രത്യേക സ്തോത്രകാഴ്ച എടുത്ത് മാരാമൺ കൺവൻഷൻ സ്തോത്രകാഴ്ചയായി സുവിശേഷസംഘം ഓഫീസിൽ അയച്ചുകൊടുക്കുന്ന പതിവുണ്ട്. ആയത് ഇതര ഇടവകകളും പിന്തുടരുന്നത് അഭികാമ്യമായിരിക്കും. കൺവൻഷൻ ചെലവുകൾക്കായി ഉപയോഗിച്ചതിനു ശേഷമുള്ള സ്തോത്രകാഴ്ച സുവിശേഷവേലയ്ക്കായും സഭയിലെ അംഗീകൃത സംഘടനകളുടെ പ്രവർത്തനങ്ങൾക്കായും നിശ്ചിത വ്യവസ്ഥയിൽ വിഭാഗിച്ചു കൊടുക്കുന്നതാണ്.

മാരാമൺ കൺവൻഷനിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്തവർക്കായി കൺവൻഷൻ യോഗങ്ങളുടെ തൽസമയ സംപ്രേഷണം ദൃശ്യമാധ്യമങ്ങളിലൂടെ ക്രമീകരിക്കുന്നുണ്ട്. ഏവരും ഈ സൗകര്യം പ്രയോജനപ്രദമായി ഉപയോഗിക്കണം. മാരാമൺ കൺവൻഷനോടുള്ള വിശ്വാസസമൂഹത്തിന്റെ വൈകാരിക ബന്ധം അതിശക്തമാണെങ്കിലും പന്തലിനുള്ളിലേക്കുള്ള പ്രവേശന നിയന്ത്രണം മനസിലാക്കി യോഗങ്ങളുടെ തൽസമയ സംപ്രേഷണം പരമാവധി പ്രയോജനപ്പെടുത്തണം. കൺവൻഷൻ ക്രമീകരണങ്ങൾ സംബന്ധിച്ച വിശദമായ നോട്ടീസ് ഇതോടൊപ്പം അയയ്ക്കുന്നു.

ഈ വർഷത്തെ മാരാമൺ കൺവൻഷനിലൂടെ സഭയ്ക്കും സമൂഹത്തിനും ദേശത്തിനും വേണ്ട ഉണർവ്വിനായും പുതുജീവനായും സൗഖ്യത്തിനായും ഏവരും പ്രാർത്ഥിക്കണം. സമർപ്പണത്തോടും പ്രാർത്ഥനയോടും കൂടി ഈ വർഷത്തെ കൺവൻഷനിലേക്ക് നമുക്ക് പ്രവേശിക്കാം.

കൃപ നിങ്ങളേവരോടുംകൂടി ഇരിക്കുമാറാകട്ടെ.

തിരുവല്ല പൂലാത്തീനിൽനിന്നും 2022 ഫെബ്രുവരി മാസം 1-ാം തീയതി



**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

# മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം
# മാരാമൺ കൺവൻഷൻ 2022

കർത്താവിൽ പ്രിയരെ,

127-ാമത് മാരാമൺ കൺവൻഷൻ 2022 ഫെബ്രുവരി 13-ാം തീയതി ഞായറാഴ്ച 2.30 പി.എം മുതൽ 20-ാം തീയതി ഞായറാഴ്ച 4.30 പി.എം വരെ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുകയാണ്. കോവിഡ്-19 മഹാവ്യാധിയുടെ പശ്ചാത്തലത്തിൽ ഗവൺമെന്റ് നിർദ്ദേശപ്രകാരം നിലവിലുള്ള കോവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ടാണ് കൺവൻഷൻ സംഘടിപ്പിക്കുന്നത്. ഓരോ യോഗത്തിലും പങ്കെടുക്കാൻ കഴിയുന്ന ആളുകളുടെ എണ്ണം ഫെബ്രുവരി മൂന്നാം ആഴ്ച നിലവിലിരിക്കുന്ന കോവിഡ് നിയമാവലി അനുസരിച്ചായിരിക്കും. സർക്കാർ നിഷ്കർഷിക്കുന്ന സാമൂഹിക അകലം പാലിച്ചുകൊണ്ടുള്ള ഇരിപ്പിട ക്രമീകരണമാണ് പന്തലിനുള്ളിൽ ഉണ്ടാകുക. മാസ്ക് ധരിക്കാതെ ആരും പന്തലിൽ പ്രവേശിക്കരുത്. പ്രാർത്ഥനയോടും ഒരുക്കത്തോടും കൂടെ ഈ വർഷത്തെ കൺവൻഷനിൽ പങ്കെടുക്കുന്നതിനായി ദൈവനാമത്തിൽ ഏവരെയും ക്ഷണിക്കുന്നു.

## പ്രസംഗകർ

ഡോ.തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ, ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് ക്ലിമീസ് ബാവാ, ഡോ.യൂയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പൊലീത്താ, ജോസഫ് മാർ ബർന്നബാസ് സഫ്രഗൻ മെത്രാപ്പൊലീത്താ, മാർ ഔഗേൻ കുര്യാക്കോസ് മെത്രാപ്പൊലീത്താ, കുര്യാക്കോസ് മാർ തെയോഫിലോസ് മെത്രാപ്പൊലീത്താ, ബിഷപ്പ് മലയിൽ സാബു കോശി ചെറിയാൻ, ബിഷപ്പ് ദിലോരാജ് ആർ. കനഗസാബെ, ശ്രീലങ്ക (ആംഗ്ലിക്കൻ ബിഷപ്പ്, കൊളംബോ), റവ.അസിർ എബനേസർ (ജനറൽ സെക്രട്ടറി, നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ്), റവ.ഡോ.ജോൺ സാമുവേൽ പൊന്നുസാമി (ഗുരുകുൽ തിയോളജിക്കൽ സെമിനാരി, ചെന്നൈ), നമ്മുടെ എപ്പിസ്കോപ്പാമാരായ തോമസ് മാർ തിമഥിയോസ്, ഡോ.ഐസക് മാർ ഫീലക്സിനോസ്, ഡോ.ഏബ്രഹാം മാർ പൗലോസ്, ഡോ.മാത്യൂസ് മാർ മക്കാറിയോസ്, ഗ്രിഗോറിയോസ് മാർ സ്തേഫാനോസ്, ഡോ.തോമസ് മാർ തീത്തോസ് എന്നിവരും പ്രസംഗകരായിരിക്കും.

## ക്രമീകരണങ്ങളും നിർദ്ദേശങ്ങളും

1. **കൺവൻഷനായുള്ള ഒരുക്കം** : കൺവൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പിന് വേണ്ടി പ്രത്യേക പ്രാർത്ഥനാ വിഷയങ്ങളെ ഓർത്ത് പള്ളികളിലും പ്രാർത്ഥനാക്കൂട്ടങ്ങളിലും സംഘടനകളുടെ മീറ്റിംഗുകളിലും ഭവനങ്ങളിലും പ്രത്യേകം പ്രാർത്ഥിക്കണമേ. ഓരോ ഇടവകയിലും മാരാമൺ കൺവൻഷനുവേണ്ടി പ്രാർത്ഥിക്കുവാൻ പ്രത്യേക കൂട്ടങ്ങൾ ക്രമീകരിക്കുന്നത് അനുഗ്രഹമായിരിക്കും. യോഗ ദിവസങ്ങളിൽ രാവുംപകലും ഇടമുറിയാതെ പ്രാർത്ഥിക്കുന്നതിന് മണൽപ്പുറത്ത് പ്രത്യേകം പ്രാർത്ഥനാ ഷെഡുകൾ ഉണ്ടായിരിക്കും. ഈ സൗകര്യം ഏവരും ഉപയോഗിക്കണമേ.
2. **മദ്ധ്യസ്ഥ പ്രാർത്ഥന** : മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കുള്ള വിഷയങ്ങൾ കൺവൻഷൻ ആഴ്ചയിൽ വ്യാഴാഴ്ച സന്ധ്യയ്ക്കുമുമ്പ് മണൽപ്പുറത്തുള്ള സംഘം ഓഫീസിൽ ഏൽപിക്കേണ്ടതാണ്. അതിനുശേഷം പെട്ടെന്നുണ്ടാകുന്ന ഗുരുതരമായ വിഷയങ്ങൾ മാത്രമെ സ്വീകരിക്കുകയുള്ളു.
3. **ക്രമപരിപാലനം** : കൺവൻഷന്റെ അനുഗ്രഹകരമായ നടത്തിപ്പിന് പന്തലിലും മണൽപുറത്ത് ആകമാനവും ഭക്തിനിർഭരമായ അന്തരീക്ഷം പുലർത്തേണ്ടത് ആവശ്യമാണ്. ക്രമപരിപാലകർ അതതു സമയത്ത് നൽകുന്ന നിർദ്ദേശങ്ങൾ സ്വീകരിച്ചു പെരുമാറണം.
4. **യുവവേദി** : വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ 3 മുതൽ 4.30 വരെ യുവജനങ്ങൾക്കായുള്ള യുവവേദി യോഗങ്ങൾ ക്രമീകരിച്ചിരിക്കുന്നു.
5. **പ്രതിഷ്ഠാ ശുശ്രൂഷ** : പൂർണ്ണ സമയ സുവിശേഷ വേലയ്ക്കായി ആദ്യമായി സമർപ്പിക്കുന്ന 12 വയസ്സിനു മേൽ പ്രായമുള്ളവരുടെ പ്രതിഷ്ഠാ ശുശ്രൂഷ ശനിയാഴ്ച രാവിലെ 7.30 ന് കോഴഞ്ചേരി പള്ളിയിൽ അഭിവന്ദ്യ തിരുമേനിമാരുടെ നേതൃത്വത്തിൽ നടത്തും.
6. **സ്തോത്രകാഴ്ച** : ഫെബ്രുവരി 13-ാം തീയതി ഞായറാഴ്ചത്തെ പ്രാരംഭ യോഗത്തിലും വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിൽ രാവിലെ 10 മണിക്കുള്ള പൊതുയോഗങ്ങളിലും മാത്രമായിരിക്കും സ്തോത്രകാഴ്ച ശേഖരിക്കുക. മറ്റ് അവസരങ്ങളിൽ സ്തോത്രകാഴ്ച സമർപ്പിക്കുവാൻ താല്പര്യപ്പെടുന്നവരുടെ സൗകര്യാർത്ഥം പന്തലിൽ സ്തോത്രകാഴ്ചപ്പെട്ടികൾ സ്ഥാപിക്കുന്നതാണ്. യോഗത്തിൽ സംബന്ധിച്ച് സ്തോത്രകാഴ്ച അർപ്പിക്കുവാൻ സാധിക്കാത്തവർക്ക് പേമെന്റ് ഗേറ്റ്വേ സംവിധാനത്തിലൂടെ സ്തോത്രകാഴ്ച അർപ്പിക്കുന്നതിനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. യോഗങ്ങളിൽ വന്നു സംബന്ധിക്കുവാൻ കഴിയാത്തവർ സ്തോത്രകാഴ്ച ഓഫീസിൽ എത്തിച്ചു തരുന്നത് നല്ല പാരമ്പര്യമാണ്. അതിന് താല്പര്യമുള്ളവർ സ്തോത്രകാഴ്ച തുക **ജനറൽ സെക്രട്ടറി, മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം, തിരുവല്ല-689 101** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.
7. **സുവിശേഷസംഘം ഓഫീസ്** : കൺവൻഷന്റെ ക്രമീകരണങ്ങൾക്കായി മാരാമൺ റിട്രീറ്റ് സെന്ററിൽ കൺവൻഷൻ ഓഫീസ് പ്രവർത്തിക്കുന്നതാണ്. റിട്രീറ്റ് സെന്ററിലെ ടെലിഫോൺ നമ്പർ 0468-2314026. കൂടാതെ കൺവൻഷൻ ആഴ്ചയിൽ സുവിശേഷസംഘം ഓഫീസ് കൺവൻഷൻ സ്റ്റേജിന് പിന്നിൽ പ്രവർത്തിക്കുന്നതാണ്. 'സുവിശേഷദൂതന്റെ' സ്റ്റാളുകളും ഉണ്ടായിരിക്കും.

**8. തൽസമയ സംപ്രേഷണം** : മാരാമൺ കൺവൻഷനിൽ നേരിട്ട് പങ്കെടുക്കാൻ കഴിയാത്തവർക്കായി കൺവൻഷൻ യോഗങ്ങളുടെ തൽസമയ സംപ്രേഷണം സുവിശേഷ പ്രസംഗസംഘത്തിന്റെയും സഭയുടെയും ഡി.എസ്.എം.സിയുടെയും യുട്യൂബ് ചാനലുകളിലും ഫേസ്ബുക്ക് പേജുകളിലും വേഡ് ടു വേൾഡ്, പവർ വിഷൻ എന്നീ ടെലിവിഷൻ ചാനലുകളിലും ക്രമീകരിക്കുന്നുണ്ട്. ഏവരും ഈ സൗകര്യം പ്രയോജനപ്രദമായി ഉപയോഗിക്കണം.

**9. സഭയുടെ വിവിധ ഓഫീസുകൾ** : മാർത്തോമ്മാ സഭയുടെയും സഭയുടെ വിവിധ സംഘടനകളുടെയും ഭദ്രാസനങ്ങളുടെയും സഭാതാരക, സുവിശേഷദൂതൻ, യുവദീപം, സന്ദേശം, വനിതാബോധിനി, സന്ദർശിനി, തളിരുകൾ മുതലായ മാസികകളുടെയും ഓഫീസുകൾ കൺവൻഷൻ മണൽപ്പുറത്ത് പ്രവർത്തിക്കുന്നതായിരിക്കും.

**10. വിൽപ്പനശാലകൾ, ധനസമാഹരണം** : കൺവൻഷൻ മണൽപ്പുറം കച്ചവടത്തിനോ പ്രചാരണങ്ങൾക്കോ സ്ഥാപനങ്ങളുടെയോ സംഘടനകളുടെയോ പണപ്പിരിവിനോ ലഘുലേഖകൾ വിതരണം ചെയ്യുന്നതിനോ ഉപയോഗിച്ചുകൂടാ. കൺവൻഷനിൽ പങ്കെടുക്കുന്നവരുടെ സൗകര്യാർത്ഥം ഭക്ഷണപാനീയങ്ങൾ വിൽക്കുന്നതിനും, ഭദ്രാസനങ്ങളുടെയും സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിലുള്ള സ്റ്റാളുകളും പുസ്തകശാലകളും നടത്തുന്നതിനും സ്ഥല സൗകര്യം അനുസരിച്ച് മണൽപ്പുറത്ത് ഏതാനും സ്റ്റാളുകൾ അനുവദിക്കുന്നതാണ്. കൂടാതെ, കിഴക്കേടത്ത് പുരയിടത്തിലും ആവശ്യാനുസരണം ഏതാനും സ്റ്റാളുകൾ അനുവദിക്കുന്നതാണ്.

**11. ശുചീകരണം** : കൺവൻഷൻ പരിസ്ഥിതി സൗഹൃദമായും ഹരിത നിയമാവലി അനുസരിച്ചും നടത്തുന്നതിന് ക്രമീകരിക്കുന്നു. മണൽപ്പുറവും പരിസരവും പ്ലാസ്റ്റിക് വിരുദ്ധ മേഖലയായി സംരക്ഷിക്കുന്നതിന് ഏവരുടേയും സഹകരണം ഉണ്ടാകണം. പന്തലും പരിസരവും ശുചിയായി സൂക്ഷിക്കേണ്ടതും പ്രത്യേകം ക്രമീകരിച്ചിരിക്കുന്ന സ്ഥാനങ്ങളിൽ മാത്രം മല-മൂത്ര വിസർജനം നടത്തേണ്ടതുമാണ്. **മാസ്കുകൾ, പ്ലാസ്റ്റിക്ക് കവറുകൾ, പ്ലാസ്റ്റിക്ക് കുപ്പികൾ, ഇതര പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ, പത്രക്കടലാസുകൾ, മറ്റു മാലിന്യങ്ങൾ എന്നിവ പ്രത്യകം ക്രമീകരിച്ചിരിക്കുന്ന ബിന്നുകളിൽ മാത്രം ഇടേണ്ടതാണ്. മണൽപ്പുറവും പരിസരവും പ്ലാസ്റ്റിക് വിമുക്ത മേഖലയായിരിക്കും.**

കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ ജനറൽ സെക്രട്ടറി, സുവിശേഷ പ്രസംഗസംഘം ഓഫീസ്, തിരുവല്ല-689101 എന്ന വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്. **Phone: 0469 – 2630587, 2731699 E-mail: mteatvla@gmail.com**. 127-ാമത് മാരാമൺ കൺവൻഷൻ ക്രൈസ്തവ സഭയ്ക്കും ഭാരതത്തിനാകമാനവും ആദ്ധ്യാത്മിക പുരോഗതിക്കു നിദാനമായി ഭവിക്കുവാൻ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ,

മാർത്തോമ്മാ സുവിശേഷ പ്രസംഗസംഘം ഓഫീസ്,
തിരുവല്ല- 689101
02-02-2022

**റവ. ജിജി മാത്യൂസ്**
ജനറൽ സെക്രട്ടറി

<table>
<tr><th colspan="9">മാരാമൺ കൺവൻഷൻ യോഗങ്ങളുടെ സമയവിവരപ്പട്ടിക</th></tr>
<tr><td>2022</td><td></td><td></td><td></td><td>രാവിലെ</td><td></td><td></td><td>ഉച്ചകഴിഞ്ഞ്</td><td>സായാഹ്നം</td></tr>
<tr><td>ഫെബ്രുവരി</td><td colspan="2">7.30 – 8.30</td><td>9.30</td><td>10.00 – 10.30</td><td>10.30 – 12.00</td><td></td><td>2.30 – 4.30</td><td>5.00 – 6.30</td></tr>
<tr><td>ഞായർ 13</td><td></td><td></td><td></td><td></td><td></td><td></td><td>പ്രാരംഭയോഗം</td><td></td></tr>
<tr><td>തിങ്കൾ 14</td><td rowspan="5">കുട്ടികൾക്കായുള്ള യോഗം (Online)</td><td rowspan="5">ബൈബിൾ ക്ലാസ്</td><td rowspan="6">ഗാനശുശ്രൂഷ</td><td rowspan="6">മദ്ധ്യസ്ഥ പ്രാർത്ഥന</td><td rowspan="2">പൊതുയോഗം</td><td rowspan="7">വിശ്രമം 12.00 പി.എം. – 3.30 പി.എം.</td><td rowspan="3"></td><td rowspan="2">പൊതുയോഗം</td></tr>
<tr><td>ചൊവ്വ 15</td></tr>
<tr><td>ബുധൻ 16</td><td>എക്യുമെനിക്കൽ സമ്മേളനം</td><td>സാമൂഹ്യ തിന്മകൾക്ക് എതിരായുള്ള യോഗം</td></tr>
<tr><td>വ്യാഴം 17</td><td rowspan="2">പൊതുയോഗം</td><td rowspan="3">യുവവേദി യോഗങ്ങൾ 3.30 – 4.30</td><td>സന്നദ്ധ സുവിശേഷക സംഘം യോഗം</td></tr>
<tr><td>വെള്ളി 18</td><td>സേവികാ സംഘം യോഗം</td></tr>
<tr><td>ശനി 19</td><td colspan="2">7.30 എ.എം. പ്രതിഷ്ഠാ ശുശ്രൂഷ കോഴഞ്ചേരി പള്ളി</td><td>മിഷണറിയോഗം</td><td>പൊതുയോഗം</td></tr>
<tr><td>ഞായർ 20</td><td colspan="2">വിശുദ്ധകുർബ്ബാന കോഴഞ്ചേരി, മാരാമൺ, ചിറയിറമ്പ് പള്ളികളിൽ</td><td>പരസ്യ ആരാധന</td><td>ഗാന ശുശ്രൂഷ</td><td>പൊതുയോഗം</td><td>സമാപനയോഗം</td><td></td></tr>
</table>